**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 605** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ ഐ ക്യാമറ ടെൻഡറിൽ " കാർട്ടൽ" രൂപീകരിച്ച കാര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കു ടെൻഡർ നേടിയ എസ്.ആർ.ഐ.ടി.ക്ക് പുറമെ ടെൻഡറിൽ പങ്കെടുത്ത അശോക ബിൽഡ്കോൺ, അക്ഷര എന്നീ സ്ഥാപനങ്ങൾക്ക് ടെൻഡറിൽ നിഷ്കർഷിച്ചിരുന്ന പ്രീ ക്വാളിഫിക്കേഷൻ കണ്ടിഷൻ ഉണ്ടായിരുന്നോ എന്ന് വിശദമാക്കാമോ; | (എ) | ഉണ്ടായിരുന്നു. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോൺ KSEDC/KCC/CPG/ENQ/0041/2021 നമ്പർ പ്രകാരം കേരളാ സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടൽ വഴി ഓപ്പൺ ഇ-ടെൻഡർ വിളിക്കുകയും അതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തിരുന്നു.<br>1. അശോക ബിൽഡ്കോൺ ലിമിറ്റഡ്<br>2. എസ്. ആർ. ഐ. റ്റി ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്<br>3. അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്<br>4. ഗുജറാത്ത് ഇൻഫോ ടെക് ലിമിറ്റഡ്<br>ഈ സ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡർ രേഖകൾ ടെൻഡർ ഇവാല്യൂവേഷൻ കമ്മിറ്റി പരിശോധിക്കുകയും, ഇതിൽ ഗുജറാത്ത് ഇൻഫോ ടെക് ലിമിറ്റഡ് ഒഴികെയുള്ള മറ്റ് മൂന്ന് കമ്പനികൾക്കും കെൽട്രോൺ വിളിച്ച ടെൻഡറുകളിൽ നിഷ്കർഷിച്ചിരിക്കുന്ന 12 മിനിമം യോഗ്യതാ മാനദണ്ഡങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. |
| (ബി) | ടെൻഡറിൽ പങ്കെടുക്കുന്ന കമ്പനി 10 വർഷമായി പ്രവർത്തിക്കുന്നതായിരിക്കണമെന്നുള്ള ടെൻഡർ വ്യവസ്ഥ നിലനിൽക്കെ 3 വർഷം മുൻപ് മാത്രം സ്ഥാപിതമായ അക്ഷര എന്ന കമ്പനി എങ്ങിനെ യോഗ്യത നേടി എന്ന് വ്യക്തമാക്കാമോ; | (ബി) | സമർപ്പിക്കപ്പെട്ടിട്ടുള്ള രേഖകൾ പ്രകാരം അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മൂന്ന് വർഷം മുമ്പ് സ്ഥാപിതമായതല്ല. കെൽട്രോൺ വിളിച്ച ഇ-ടെൻഡറിൽ യോഗ്യതാമാനദണ്ഡമായി മിനിമം 10 വർഷത്തെ പ്രവർത്തന പരിചയം വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. അതിൽ പങ്കെടുത്ത M/s അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് |

| | | | |
|---|---|---|---|
| | | | **ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ചിരുന്ന രേഖകൾ പ്രകാരം പ്രസ്തുത സ്ഥാപനം 04.05.2010 ൽ അക്ഷര എന്റർപ്രൈസസ് എന്ന പേരിൽ ആന്ധ്രാപ്രദേശിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതിനുശേഷം 07.02.2017-ൽ അക്ഷര എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നും 26.07.2018-ൽ അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്നും പ്രസ്തുത സ്ഥാപനത്തിന്റെ പേര് പുനർനാമകരണം ചെയ്തിരുന്നു. മേല്പറഞ്ഞ സ്ഥാപനം പേരുമാറ്റം നടത്തിയതാണെന്നും, ഒരേ സ്ഥാപനം തന്നെയാണെന്നും കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് കോർപറേറ്റ് അഫയേഴ്സ് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ടെൻഡറിനോടൊപ്പം സമർപ്പിച്ചിരുന്നു.** |
| (സി) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി ക്ഷണിച്ചിരുന്ന ടെൻഡറിൽ പങ്കെടുത്ത അശോക ബിൽഡ്കോൺ, അക്ഷര എന്നീ സ്ഥാപനങ്ങൾ ടെൻഡർ നേടിയ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനവുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് എന്ന കാര്യം കെൽട്രോൺ ഗൗരവമായി കണ്ടിരുന്നോ; വ്യക്തമാക്കാമോ; | (സി) | സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോൺ വിളിച്ച ടെൻഡറുകളിൽ **അശോക ബിൽഡ്കോൺ ലിമിറ്റഡ്, എസ്. ആർ. ഐ. റ്റി ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, അക്ഷര എന്റർപ്രൈസസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികൾ പങ്കെടുക്കുകയും വെവ്വേറെ ടെൻഡറുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം സമർപ്പിച്ച വ്യത്യസ്ത ടെൻഡർ രേഖകളിൽ നിന്നും ഇവ എസ്. ആർ. ഐ. റ്റി. യുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെന്ന് കണ്ടെത്തിയിട്ടില്ല.** |
| (ഡി) | ടെൻഡർ നടപടികളിൽ കാർട്ടൽ ഉണ്ടാക്കാൻ പാടില്ല എന്ന സെൻട്രൽ വിജിലൻസ് കമ്മീഷൻ ഗൈഡ് ലൈനിനു വിരുദ്ധമായി കാർട്ടൽ രൂപീകരിച്ച ഈ സ്ഥാപനങ്ങൾക്ക് അയോഗ്യത കല്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | കാർട്ടൽ രൂപീകരണം നടന്നതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ